# അയ്യൻകാളി
## ഒരു ഐതിഹാസികജീവിതം




ജിഷ എലിസബേത്ത് വർഗ്ഗീസ്,
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
സെ. മേരീസ് കോളെജ്, തൃശൂർ.

# നവോത്ഥാനനായകർ



# കേരളത്തിലെ അവർണ്ണരുടെ സാമൂഹികാവസ്ഥ




അദ്ധ്വാനിക്കുന്ന വിഭാഗത്തിന് മനുഷ്യൻ എന്ന പരിഗണന പോലും ലഭിക്കാതിരുന്ന കാലം.
ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം, മരണാനന്തരചടങ്ങുകൾ എല്ലാം നിഷേധിച്ചിരുന്ന കാലം.
പൊതുനിരത്തിലും ചന്തകളിലും പ്രവേശനം നിഷേധിക്കപ്പെട്ട കാലം.
പതിന്നാലു വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾ മാറുമറയ്ക്കരുതെന്നും അവരിൽനിന്ന് തലക്കരവും മുലക്കരവും ഈടാക്കണമെന്നുമുള്ള ശാസനകൾ കൊടികുത്തി വാഴുന്ന കാലം. സവർണർക്കുമുൻപിൽ മാറിലെ വസ്ത്രമെടുത്തുമാറ്റി വിനയം കാണിക്കാൻ അവർ ബാദ്ധ്യസ്ഥരായിരുന്നു. കത്തുന്ന കൺമുനകളിൽനിന്നു രക്ഷനേടാൻ കൈകൾ കൊണ്ട് മാറിടം മറച്ചുനിന്ന കുറ്റത്തിന് പല സഹോദരിമാരുടെയും മുലയറുത്തെറിഞ്ഞ് വരേണ്യവർഗ്ഗം ജാതി ശാസനകൾ നിലനിറുത്തി.

# അയ്യൻകാളി-ജീവിതരേഖ

- തിരുവനന്തപുരത്തിനടുത്തുള്ള വെങ്ങാന്നൂരിൽ 1863 ആഗസ്റ്റ് 28-നു ജനനം.
- മാതാപിതാക്കൾ – പെരുങ്കാട്ടുവിളവീട്ടിൽഅയ്യൻ– മാല ദമ്പതികൾ
- കാളി എന്നായിരുന്നു പേര്.
- കേരളത്തിലെ സാമൂഹികപരിഷ്കർത്താവ്
- കേരളത്തിന്റെ 'സ്പാർട്ടക്കസ്' എന്നായിരുന്നു അയ്യങ്കാളി വിശേഷിപ്പിക്കപ്പെട്ടത്.
- നടന്നു തീർത്ത വഴികളും ഏറ്റെടുത്ത പോരാട്ടങ്ങളും തച്ചുതകർത്ത അനാചാരങ്ങളും ഏറെ.
- ജന്മിത്തം കൊടികുത്തിവാണിരുന്ന പത്തൊമ്പതാം നൂറ്റാണ്ടിൽ അടിമച്ചങ്ങല പൊട്ടിച്ചെറിയാൻ കരത്താർജ്ജിച്ച വിപ്ലവകാരി.
- മഹാത്മാഗാന്ധി അയ്യൻകാളിയെ വിശേഷിപ്പിച്ചത് പുലയരാജയെന്നായിരുന്നു.

# അയ്യൻകാളി-ജീവിതരേഖ

- അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിൻറെ പുരോഗതിയ്ക്കുവേണ്ടി പോരാടിയ മനുഷ്യസ്നേഹി.
- 28 വയസ്സിൽ വില്ലുവണ്ടിയിലെത്തി ജാതിക്കോമരങ്ങളെ വിറപ്പിച്ച നായകൻ.
- വിദ്യാഭ്യാസത്തിനുള്ള അവകാശം നിഷേധിക്കപ്പെട്ട അധഃസ്ഥർക്കുവേണ്ടി പുതുവൽവിളാകത്ത് കുടിപ്പള്ളിക്കൂടം സ്ഥാപിച്ചു.
- 1907-ൽ സാധുജനപരിപാലനസംഘം സ്ഥാപിച്ചു.
- 1911 ഡിസംബർ 4-ന് ശ്രീമൂലം പ്രജാസഭയിൽ പുലയരുടെ പ്രതിനിധിയായി.
- അവർണ്ണപെൺകുട്ടികളുടെ വിദ്യാഭ്യാസ അവകാശത്തിനുവേണ്ടി ഊരൂട്ടമ്പലം പ്രക്ഷോഭം
- 1937 ജനുവരി 14-നു മഹാത്മാഗാന്ധിയുമായി കൂടിക്കാഴ്ച
- 1941 ജൂൺ 18-നു തൻറെ 77-ാം വയസ്സിൽ മരിച്ചു.

# അയ്യൻകാളിയുടെ പ്രവർത്തനവഴികൾ

സഞ്ചാരസ്വാതന്ത്ര്യം, വിദ്യാഭ്യാസ അവകാശം, ചന്തകളിൽ പ്രവേശിക്കാനുള്ള അവകാശം, വസ്ത്രധാരണത്തിനുള്ള സ്വാതന്ത്ര്യം, സംഘടിക്കാനുള്ള സ്വാതന്ത്ര്യം തുടങ്ങി മനുഷ്യന്റെ ഏറ്റവും അടിസ്ഥാനപരമായ അവകാശങ്ങൾക്ക് വേണ്ടിയായിരുന്നു അയ്യങ്കാളിയുടെ പോരാട്ടങ്ങൾ. വില്ലുവണ്ടി യാത്രയും (1893) ബാലരാമപുരത്തെ ചാലിയത്തെരുവ് സംഘട്ടനവും മണക്കാട് സംഘർഷവും,ഊരൂട്ടമ്പലം പ്രക്ഷോഭവും കേരള ചരിത്രം ദർശിച്ച വിപ്ലവങ്ങൾ തന്നെയായിരുന്നു.

# കല്ലുമാലാസമരം


ലോകത്ത് സ്ത്രീകളുടെ, പ്രത്യേകിച്ച് അധ:സ്ഥിത സമുദായത്തിൽപ്പെട്ട സ്ത്രീകളുടെ വിമോചന പോരാട്ടങ്ങളിൽ തന്നെ സമാനകളില്ലാത്ത ഒന്നായിരുന്നു 1914 ലെ കല്ലുമാലാസമരം. ആദിഗോത്രജനതയിൽപ്പെട്ട സ്ത്രീകൾ മാറുമറയ്ക്കരുതെന്നും അടിമത്വത്തിന്റെ അടയാളമായി കഴുത്തിൽ കല്ലുമാലയും കാതിൽ ഇരുമ്പുവളയങ്ങളും ധരിക്കണമെന്നുമുള്ള ജാതിശാസനകളെ ധിക്കരിക്കാനദ്ദേഹം ആവശ്യപ്പെട്ടു. അയിത്താചരണക്കാർ ഒരു ധിക്കാരമായി അതിനെക്കരുതി. പ്രത്യേകിച്ച് കൊല്ലം പെരിനാട്ടിൽ. സഹോദരിമാർ ധരിച്ചിരുന്ന റൗക്കകള് വലിച്ചുകീറി. പലരുടെയും മുലകൾ അറുത്തുകളഞ്ഞു. പിതാവിന്റെയും സഹോദരന്റെയും മുന്നിലിട്ട് ഭീകരമായി മർദ്ദിച്ചു. രക്തരൂഷിതകലാപമായതുമാറി. കൊല്ലം പീരങ്കി മൈതാനത്തു ചേർന്ന യോഗത്തിൽവെച്ച് "നാനാജാതി മതസ്ഥരുടെ സംഗമവേദിയായ ഇവിടെവച്ച് ഈ മുഹൂർത്തത്തിൽ കല്ലുമാല അറുത്തുകളയണമെന്നും അതിന് സവർണര് സഹകരിക്കണമെന്നും" അയ്യങ്കാളി ആവശ്യപ്പെട്ടു. സവർണ്ണരുടെ അനുവാദത്തോടെതന്നെ ആ സദസ്സിൽവെച്ച് സ്ത്രീകൾ തങ്ങളുടെ അടിമചിഹ്നങ്ങൾ അറുത്തുമാറ്റി.

# വില്ലുവണ്ടിസമരം



വർഷം 1893. തിരുവിതാംകൂറിലെ പൊതുവഴിയിലൂടെ നടക്കാൻ താഴ്ന്ന ജാതിക്കാർക്ക് അയിത്തം കല്പിച്ചിരുന്ന ഇരുണ്ടയുഗം. അറിയാതെ പോലും പൊതുവഴിയിലൂടെ നടന്നുപോയ താഴ്ന്ന ജാതിക്കാര് ക്രൂരമായ ശിക്ഷകൾ ഏറ്റുവാങ്ങിയിരുന്ന കാലം.. നഗരത്തിലെ തെരുവിലൂടെ രണ്ട് കാളകളെ കെട്ടിയ ഒരു വില്ലുവണ്ടി മണി മുഴക്കി പൊടിപറപ്പിച്ച് പാഞ്ഞുവരുന്നു. തമ്പ്രാക്കളും പ്രമാണിമാരും മാത്രം ഉപയോഗിച്ചിരിക്കുന്ന വില്ലുവണ്ടിയില് രാജാവിനെപ്പോലെ വരുന്നയാളെ കണ്ട് കൂടി നിന്നവർ ഞെട്ടി. അധഃസ്ഥിത ജനവിഭാഗങ്ങൾക്ക് സഞ്ചാര സ്വാതന്ത്ര്യമില്ലാതിരുന്ന രാജപാതകളിൽക്കൂടി പുതിയ പ്രഭാതത്തിന്റെ മണിയടിശബ്ദവുമായി അയ്യൻകാളിയുടെ വില്ലുവണ്ടി സാമൂഹിക അസമത്വത്തിനെ വെല്ലുവിളിച്ചുകൊണ്ട് സഞ്ചരിച്ചു. പ്രഭുക്കന്മാർ മാത്രം ഉപയോഗിച്ചിരുന്ന വില്ലുവണ്ടിയിൽ തലപ്പാവും കെട്ടി രാജകീയഭാവത്തില് അയ്യങ്കാളി വില്ലുവണ്ടിയിലിരുന്നു. മേലാളനെപ്പോലെ വസ്ത്രം ധരിച്ച് വന്ന അധഃകൃതനെ മേലാളരുടെ ഗുണ്ടകൾ തടഞ്ഞു. മീശയും തടവി അരയിൽ തിരുകിവെച്ചിരുന്ന കഠാരയുമെടുത്ത് അയ്യങ്കാളി ഗുണ്ടകളെ നേരിട്ടപ്പോൾ എല്ലാവരും പരക്കംപാഞ്ഞു. ജാതിക്കോമരങ്ങളെ വിറപ്പിച്ച ആ സംഭവം ചരിത്രത്തിൽ വില്ലുവണ്ടിയാത്രയെന്നറിയപ്പെട്ടു

# വസ്ത്രധാരണം ഒരു സമരരീതിയാക്കിയ അയ്യങ്കാളി......



ദിവാന്റെ വസ്ത്രധാരണത്തിന് സമാനമായ രീതിയിൽ വസ്ത്രം ധരിച്ചും തലപ്പാവ് കെട്ടിയും കാതിൽ കടുക്കൻ ഉപയോഗിച്ചും അന്നത്തെ പൊതുബോധങ്ങളെയും ഭരണകൂടത്തെയും അദ്ദേഹം വെല്ലുവിളിച്ചു.

ആറടിക്കുമേൽ ഉയരവും കസവുതുന്നിയ തലപ്പാവും കറുത്ത കോട്ടും കുങ്കുമപ്പൊട്ടും മൽമൽമുണ്ടും മേൽവേഷ്ടിയും ചെരിപ്പും ധരിച്ച് അദ്ദേഹം പ്രജാസഭയിലേയ്ക്ക് പ്രവേശിക്കുമ്പോൾ ഇദ്ദേഹമല്ലേ ദിവാനെന്ന് സന്ദർശകർ അത്ഭുതപ്പെട്ടതായി മന്നത്തു പത്മനാഭൻറെ ഭൂതകാലസ്മരണകളിൽ രേഖപ്പെടുത്തുന്നു.

# അധഃസ്ഥിതരുടെ വിദ്യാഭ്യാസത്തിനായുള്ള പോരാട്ടങ്ങൾ

"ഞങ്ങളുടെ കുഞ്ഞുങ്ങളെ പഠിക്കാനനുവദിച്ചില്ലെങ്കില് നിങ്ങളുടെ വയലുകളിൽ ഞങ്ങൾ പണിക്കിറങ്ങില്ല; നെല്ലിനുപകരം അവിടെ പുല്ലും കളയും വളരും."

അയ്യൻകാളി

പള്ളിക്കൂടങ്ങളുടെ വാതിലുകൾ അയിത്തക്കാരന് നേരെ തുറക്കാതിരുന്ന കാലം. സവർണ്ണ പ്രമാണിമാർ അയിത്തജാതി കുട്ടികൾക്ക് തുടർച്ചയായി വിദ്യാഭ്യാസ അവകാശം നിഷേധിച്ചപ്പോൾ വെങ്ങാനൂരില് ഒരു ബദൽ കുടിപ്പള്ളിക്കൂടം (1905) സ്ഥാപിച്ച് അയ്യങ്കാളി അവർക്ക് വിദ്യാഭ്യാസം നൽകാനുള്ള അവസരമൊരുക്കി. അവർണരായ കുട്ടികൾക്കുവേണ്ടി അവർണ്ണർ നിർമ്മിച്ച ഇന്ത്യയിലെ തന്നെ ആദ്യത്തെ സ്കൂള്. എന്നാൽ സ്കൂൾ നിർമ്മിച്ച ദിവസം രാത്രി തന്നെ സവർണവിഭാഗത്തിൽപ്പെട്ടവര് സ്കൂളിനു തീവെച്ചു. ക്ഷമനശിച്ച അയ്യങ്കാളി സവർണ്ണ മാടമ്പിമാരുമായി ഏറ്റുമുട്ടി. 1907 ൽ തിരുവിതാംകൂർ ഭരിച്ചിരുന്ന ശ്രീമൂലം തിരുനാൾ ദളിതർക്ക് വിദ്യാഭ്യാസ സ്വാതന്ത്ര്യം അനുവദിച്ച് ഉത്തരവിട്ടു.

# പഞ്ചമിയുടെ സ്കൂൾപ്രവേശനം




വിദ്യാഭ്യാസ അവകാശ പോരാട്ടങ്ങളുടെ ചരിത്രത്തിലെ ജ്വലിക്കുന്ന അധ്യായമാണ് പഞ്ചമിയുടെ സ്കൂള് പ്രവേശനം. 1914ലാണ് ദളിത് പെൺകുട്ടിയായ പഞ്ചമിയുമായി അയ്യങ്കാളി സ്കൂളിലെത്തുന്നത്. കൃഷിഭൂമി തരിശിടല് സമരത്തിന് പിന്നാലെ താഴ്ന്ന ജാതിയിൽപ്പെട്ട കുട്ടികൾക്ക് സ്കൂള് പ്രവേശനത്തിന് അനുമതി ലഭിച്ചതോടെയാണ് അയ്യങ്കാളി പഞ്ചമിയെ സ്കൂളിൽ ചേർക്കാനെത്തിയത്. എന്നാൽ സ്കൂൾ അധികൃതർ പഞ്ചമിക്ക് പ്രവേശനം നൽകിയില്ല. ദിവാന്റെ ഉത്തരവ് പോലും ഇവർ വകവെച്ചില്ല. അയ്യങ്കാളി പിന്മാറിയില്ല. പഞ്ചമിയെ സ്കൂളില് ചേർക്കാനുള്ള ശ്രമങ്ങൾ മറ്റ് പല പ്രക്ഷോഭങ്ങൾക്കും തിരികൊളുത്തി. തുടർന്ന് സ്കൂള് അഗ്നിക്കിരയായി. പഞ്ചമി ഇരുന്ന ബെഞ്ചും സ്കൂളിന്റെ ചിലഭാഗങ്ങളും മാത്രമാണ് അവശേഷിച്ചത്. ഇത് പിന്നീട് ചരിത്ര സ്മാരകമായി. പഞ്ചമി തൊട്ടശുദ്ധമാക്കി എന്നു പറയുന്ന ആ ബഞ്ച് ഇന്നും ഊരൂട്ടമ്പലം സ്കൂളിലെ പ്രധാന അധ്യാപകന്റെ മുറിയിൽ ഗാന്ധിചിത്രത്തിനു താഴെയായി ചരിത്ര സ്മാരകമായി സംരക്ഷിച്ചുപോരുന്നു.

# മഹാത്മാഗാന്ധിയുമായുണ്ടായ കൂടിക്കാഴ്ച

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനോതിരെ അതിശക്തമായ പോരാട്ടം നടത്തുന്നതിനിടയിൽ മാഹാത്മാഗാന്ധി വെങ്ങാനൂരിലെത്തി ശ്രീ അയ്യങ്കാളിയെക്കാണുന്നത് 1937 ജനുവരിയിലാണ്. 'മിസ്റ്റർ അയ്യങ്കാളി.... ഞാൻ നിങ്ങൾക്കുവേണ്ടി എന്തു ചെയ്യണം?' എന്ന ഗാന്ധിജിയുടെ ചോദ്യത്തിന്, അയ്യങ്കാളി പറഞ്ഞ മറുപടിയിതായിരുന്നു: "എന്റെ വർഗ്ഗത്തിൽനിന്ന് പത്തു ബി.എക്കാരെ കണ്ടിട്ടുവേണം എനിക്ക് മരിക്കാൻ." ഇത്രയും ആത്മാർത്ഥതയുള്ള മനുഷ്യനുണ്ടോ എന്ന് ഗാന്ധിജി അതിശയിക്കുകയായിരുന്നു. അതാണ് അധഃസ്ഥിതരുടെ ആത്മാവായ അയ്യങ്കാളി.



രാജേഷ് എസ് വള്ളിക്കോട്

ആഗസ്ത് 28
അയ്യങ്കാളി ജന്മദിനം



# അജയ്യതയുടെ ആൾരൂപം

അയിത്തത്തിനും അനാചാരത്തിനുമെതിരെ പൊരുതിയാണ് നമ്മുടെ നാട് ഇന്നത്തെ നിലയിലെത്തിയത്. അന്ധകാരത്തിൽനിന്ന് നാടിനെ വെളിച്ചത്തിലേക്ക് നയിക്കാൻ അക്കാലത്ത് സാഹസികമായി പ്രവർത്തിച്ചവർ അനവധി. പോരാട്ടത്തിന്റെ ആൾരൂപമായിരുന്ന മഹാനായ അയ്യങ്കാളി അവരിൽ പ്രമുഖനാണ്.

സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് എടുത്തെറിയപ്പെട്ട ഒരുകൂട്ടം ആളുകൾക്ക് വഴിനടക്കാനുള്ള സ്വാതന്ത്ര്യത്തിനും അക്ഷരവിദ്യ അഭ്യസിക്കാനുള്ള അവസരത്തിനും വേണ്ടി അയ്യങ്കാളിയുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾ കേരളത്തിലെ സാമുദായിക നവോത്ഥാനത്തിന് അടിത്തറ പാകി.

അധഃസ്ഥിത ജനവിഭാഗങ്ങൾക്ക് സ്കൂൾ പ്രവേശനം അനുവദിച്ചുകൊണ്ട് ദിവാൻ പുറപ്പെടുവിച്ച ഉത്തരവ് സവർണ ഉദ്യോഗസ്ഥർ പുറത്തുവിട്ടിരുന്നില്ല. അയിത്ത ജാതിക്കാരായ കുട്ടികളെ സ്കൂളിൽ പ്രവേശിപ്പിക്കുന്നതിന് സവർണരിൽ ഭൂരിഭാഗവും എതിരായിരുന്നു. അയ്യങ്കാളിയുടെ നേതൃത്വത്തിൽ സ്കൂൾ പ്രവേശനത്തിന് എത്തിയവരെ സവർണനായ പ്രധാനാധ്യാപകന്റെ നേതൃത്വത്തിൽ എതിർത്തു. ഇത് അയ്യങ്കാളിയെ അരിശം കൊള്ളിക്കുകയും വേദനിപ്പിക്കുകയും ചെയ്തു. "ഞങ്ങളുടെ കുഞ്ഞുങ്ങളെ പള്ളിക്കൂടത്തിൽ പ്രവേശിപ്പിച്ചില്ലെങ്കിൽ ഞങ്ങൾ പാടത്തിറങ്ങി പണിചെയ്യുന്നതും ഇല്ല" എന്ന സമര പ്രഖ്യാപനം കർഷകത്തൊഴിലാളികൾ ഒന്നടങ്കം ഏറ്റെടുത്തു. സമരം അനുദിനം ശക്തിപ്പെട്ടു.

പട്ടിണി, പാടത്തിറങ്ങാൻ തൊഴിലാളികളെ നിർബന്ധിക്കുമെന്ന് ജന്മിമാർ കരുതി. എന്നാൽ അയ്യങ്കാളിയുടെ നേതൃത്വം തൊഴിലാളികളുടെ സമരാവേശം നിലനിർത്തി. കേരളത്തിൽ ശ്രീനാരായണ ഗുരുവിന്റെ ആശയങ്ങൾ പ്രചാരം നേടിയ കാലയളവിൽ ജാതിയെയും ജാതികേന്ദ്രീകൃതമായ അനാചാരങ്ങളെയും എതിർക്കുന്ന സംഘടനകൾ രൂപീകൃതമായി. അതിന് തുടക്കമിട്ടത് എസ്എൻഡിപി യോഗത്തിന്റെ ആരംഭമാണ്. തന്റെ സമുദായത്തെ പുരോഗതിയിലേക്ക് നയിക്കാൻ സംഘടന ആവശ്യമാണെന്ന് അയ്യങ്കാളിയും മനസ്സിലാക്കി. 1907ൽ അദ്ദേഹം സാധുജന പരിപാലന സംഘത്തിന് വെങ്ങാനൂരിൽ രൂപം നൽകി.

ഇന്ത്യൻ നാട്ടുരാജ്യങ്ങളിൽ ആദ്യമായി ഒരു നിയമ നിർമാണസഭ ആരംഭിച്ചത് ശ്രീമൂലം തിരുനാൾ മഹാരാജാവാണ്. രാജ്യഭരണകാര്യങ്ങളിൽ പൊതുജനങ്ങളുടെ അഭിപ്രായം ആരായുന്നതിനാണ് പ്രജാസഭ ആരംഭിച്ചത്. സവർണർ മാത്രം അംഗങ്ങളായിരുന്ന സഭയിലേക്ക് അയ്യങ്കാളിയെ നാമനിർദേശം ചെയ്തത് അയിത്തജാതിക്കാരെ ആഹ്ലാദഭരിതരാക്കി. യാഥാസ്ഥിതിക സവർണവിഭാഗം ദിവാനെ ഭയന്ന് അമർഷം ഉള്ളിലൊതുക്കി. 1911 ഡിസംബർ അഞ്ചിനാണ് കേരള ചരിത്രത്തിലെ വിപ്ലവകരമായ ഈ തീരുമാനം ഉത്തരവായി പുറത്തുവന്നത്.

1863 ആഗസ്ത് 28 നാണ് അയ്യങ്കാളി തിരുവനന്തപുരത്തെ വെങ്ങാനൂരിൽ ജനിച്ചത്. അയ്യൻപുലയനും മാലയുമായിരുന്നു അച്ഛനമ്മമാർ. ചെറുപ്രായത്തിൽ തന്നെ ജാതീയമായ അവഗണനക്കെതിരെ ശക്തിയായി പ്രതികരിച്ചു. ഇരുപത്തിയഞ്ചാം വയസ്സിൽ ചെല്ലമ്മയെ വിവാഹം കഴിച്ചു. 1936ൽ ഗാന്ധിജിയെ നേരിൽ കണ്ടു. 1941ൽ ജൂൺ 18ന് അന്തരിച്ചു.



നന്ദി